<u>**14 -ാം കേരള നിയമസഭ**</u>

<u>**22 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1550**</u> <u>**19-01-2021 - ൽ മറുപടിയ്ക്ക്**</u>

<u>**തരിശുഭൂമി കൃഷി യുക്തമാക്കുന്നതിനുള്ള നടപടി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | "തരിശ് ഭൂമി കൃഷി യുക്തമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു തുടർച്ചയായി മൂന്നു വർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിനു 30000/- രൂപയും, രണ്ടാം വർഷം 7000/- രൂപയും മൂന്നാം വർഷം 4500/- രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചു നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25000/- രൂപയും ഭൂവുടമയ്ക്ക് 5000/- രൂപയും നൽകും. രണ്ടാം വർഷം ഇതു യഥാക്രമം 5800/- രൂപയും 1200/- രൂപയും; മൂന്നാം വർഷം 3750/- രൂപയും 750/- രൂപയും ആണ്. 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ൭ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 40000 രൂപയായി വർദ്ധിപ്പിച്ചിട്ടുമുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നുണ്ട്. പച്ചക്കറി വികസന പദ്ധതി പ്രകാരം തരിശു സ്ഥലങ്ങളിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30000 രൂപയാണ് ധനസഹായം നൽകി വന്നിരുന്നത്. ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചിലവുകൾക്കായി 25000 രൂപയുമാണ് നൽകി വരുന്നത്. ഇത് 2020-21 വർഷം മുതൽ 40,000 രൂപ ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഭക്ഷ്യ-കാർഷിക മേഖലയെ സാരമായി ബാധിച്ച ആഗോള പ്രതിസന്ധിയാണ് കോവിഡ്-19 മഹാമാരി (Pandemic). കോവിഡ് 19 പ്രതിസന്ധി ലോകമെമ്പാടും ഭക്ഷ്യക്ഷാമം ഉണ്ടാക്കുമെന്ന് ഐക്യരാഷ്ട്രസഭ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ പ്രതിസന്ധി ഭക്ഷ്യ ക്ഷാമത്തിനും |

| | | | |
|---|---|---|---|
| | | | പോഷകാഹാരക്കുറവിനും ഇടയാക്കുന്നതാണ്. ഇത് പരിഹരിക്കുന്നതിനായി കേരള സർക്കാർ സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നു. ഈ പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് തരിശുഭൂമികൃഷി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും കൃഷി വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതിവിഹിതം ഇതിനായി ഉപയോഗിക്കുന്നു. കൂടാതെ കൃഷി വകുപ്പ് ആർ.കെ.വി.വൈ പദ്ധതി പ്രകാരം ആനുകൂല്യം നൽകുന്നു. 25,500ഹെക്ടർ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ഇതിൽ 12,500ഹെക്ടർ ഭൂമിയിലെ കൃഷിയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും, 13,000ഹെക്ടർ ഭൂമിയിലെ കൃഷിയ്ക്ക് ആർ.കെ.വി.വൈ പദ്ധതി വിഹിതമായ 37കോടി രൂപയുടെ 'ആനുകൂല്യവും നൽകുന്നതാണ്. പ്രവാസികൾ, യുവജനങ്ങൾ, കൃഷിക്കാർ, കർഷക സംഘടനകൾ, കർഷക ഗ്രൂപ്പുകൾ, കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ എന്നിവയ്ക്കു പുറമേ തൊഴിലുറപ്പ് പദ്ധതി, അഗ്രോ സർവ്വീസ് സെന്റർ, കാർഷിക കർമ്മ സേന, കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ, മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള തൊഴിലാളികൾ എന്നിവരുടെ സേവനവും ഇതിനായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വളരെ വിജയകരമായി നടപ്പിലാക്കി വരുന്നു |
| (ബി) | ഏതൊക്കെ വിളകൾക്കാണ് ഇതിൽ പ്രാമുഖ്യം നൽകുന്നത്; | (ബി) | 020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശുഭൂമിയിലെ കൃഷിയിൽ നെല്ല്, പച്ചക്കറി, ഫലവർഗ്ഗം (വാഴ), കിഴങ്ങു വർഗ്ഗം, പയർ വർഗ്ഗം, ചെറു ധാന്യങ്ങൾ എന്നീ വിളകൾക്കാണ് പ്രാധാന്യം നൽകുന്നത്. |
| (സി) | ഇതുമൂലം കാർഷികോല്പാദനത്തിൽ ഉണ്ടായ വർദ്ധന സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 2016-17 വർഷത്തിൽ സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി 2782.3857 ഹെക്ടറിലും, 2017-18 വർഷത്തിൽ 5485.686 ഹെക്ടറിലും, 2018-19 ൽ 3668.0064ഹെക്ടറിലും, 2019-20 വർഷത്തിൽ 2987.95 ഹെക്ടറിലും തരിശു നിലങ്ങളിൽ നെൽകൃഷി നടപ്പിലാക്കി. പദ്ധതി നടപ്പിലാക്കിയതിലൂടെ 2016-17 വർഷത്തിൽ 10628.44മെട്രിക് ടണ്ണും, 2017-18 വർഷത്തിൽ 19458.28മെട്രിക് ടണ്ണും, 2018-19 വർഷത്തിൽ 17918.21 മെട്രിക് ടണ്ണും, 2019-20 ൽ 11751.61 മെട്രിക് ടണ്ണും നെൽ അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി 696.611 ഹെക്ടറിലും, 2017-18 |

| | | | | |
|---|---|---|---|---|
| | | | | വർഷത്തിൽ 998 ഹെക്ടറിലും 2018-19 ൽ 783.605 ഹെക്ടറിലും 2019-20 വർഷത്തിൽ 926.37 ഹെക്ടറിലും തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി നടപ്പിലാക്കി. പദ്ധതി നടപ്പിലാക്കിയതിലൂടെ 2016-17 വർഷത്തിൽ 7662.72 ടണ്ണും, 2017-18 വർഷത്തിൽ 10978 മെട്രിക് ടണ്ണും, 2018-19 വർഷത്തിൽ 8619.655 മെട്രിക് ടണ്ണും, 2019-20 ൽ 10190.07 മെട്രിക് ടണ്ണും പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന തരിശുകൃഷിമൂലം 5,000ഹെക്ടർ ഭൂമിയിൽ നിന്നും 17,500 ടൺ നെല്ല്; 7,000ഹെക്ടർ കൃഷിയിൽ നിന്നും 1,05,000ടൺ പച്ചക്കറി; 7,500 ഹെക്ടർ വാഴകൃഷിയിൽ നിന്നും 90,000ടൺ വാഴക്കുല; 5,000ഹെക്ടർ കിഴങ്ങു വർഗ്ഗ കൃഷിയിൽ നിന്നും 60,000 ടൺ കിഴങ്ങു വിളകൾ; 500ഹെക്ടർ ഭൂമിയിൽ നിന്നും 475 ടൺ പയർ വർഗ്ഗങ്ങൾ; 500ഹെക്ടർ ചെറുധാന്യ കൃഷിയിൽ നിന്നും 325ടൺ ചെറുധാന്യങ്ങൾ എന്നിങ്ങനെ ഉത്പാദന വർദ്ധനവ് പ്രതീക്ഷിക്കുന്നു. പദ്ധതി നടപ്പിലാക്കി വരുന്നു. വിളവെടുപ്പ് പൂർണ്ണമായിട്ടില്ല. |

സെക്ഷൻ ഓഫീസർ